തൃശൂർ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടറുടെ നടപടിക്രമം
(സാന്നിദ്ധ്യം : അനുപമ ടി വി, ഐ.എ.എസ്)

വിഷയം : 2019ലെ ലോകസഭയിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് -22.04.2019, 23.04.2019 എന്നീ തീയതികളിൽ ജില്ലാതലത്തിൽ വിവിധ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കൺട്രോൾ റൂം സജ്ജീകരിക്കുന്നത് സംബന്ധിച്ച്.

പരാമർശം: ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥയുടെ 20.04.2019 തീയതിയിലെ നിർദ്ദേശം.

**ഉത്തരവ് നമ്പർ : ഇ എൽ1 — 133691/2019 : തീയതി : 20 : 04 : 2019 :**

2019ലെ ലോകസഭാ പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പോളിംഗ് സാമഗ്രികളുടെ വിതരണ ദിനമായ 22.04.2019 തീയതിയിലെയും പോൾ ദിനമായ 23.04.2019 തീയതിയിലെയും ജില്ലയിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി ജില്ലാതലത്തിൽ നിരീക്ഷിക്കുന്നതിനും ആവശ്യമായ സഹായസൗകര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി റവന്യൂ, പോലീസ്, ഫയർ & റസ്ക്യൂ സർവ്വീസസ്സ്, മെഡിക്കൽ, എന്നീ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അവശ്യവകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ നിയോഗിച്ച് കൺട്രോൾ റൂം (നമ്പർ: 0487-2363300) തുറക്കുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ & ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

ആയതിനാൽ,

- ജില്ലാ തിരഞ്ഞെടുപ്പുവിഭാഗത്തിൽ നിന്നും **ശ്രീ കെ കൃഷ്ണകുമാർ, സ്പെഷ്യൽ തഹസിൽദാർ (റവന്യൂ റിക്കവറി) (നമ്പർ: 9539032233) എന്നവരുടെ നേതൃത്വത്തിൽ ജില്ലാ കൺട്രോൾ റൂം 22.04.2019 തീയതി രാവിലെ 06.00 മണി മുതൽ പ്രവർത്തനം ആരംഭിക്കണമെന്ന് നിർദ്ദേശിച്ച് ഇതിനാൽ ഉത്തരവാകുന്നു**
- ഡെപ്യൂട്ടി കളക്ടർ (ജനറൽ), തൃശ്ശൂർ, റവന്യൂവകുപ്പിൽ നിന്നും **ജൂനിയർ സൂപ്രണ്ട് തസ്തികയിൽ കുറയാത്ത ഓഫീസറെയും ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിവരെയും ജോലീക്രമീകരണ വ്യവസ്ഥയിൽ കൺട്രോൾ റൂമി**

**ലേക്ക് നിയോഗിച്ച് വിവരം ജില്ലാ തിരഞ്ഞെടുപ്പുവിഭാഗത്തിലേയ്ക്കു അറിയിക്കേണ്ടതാണ്.**

- ജില്ലാ പോലീസ് ചീഫ് (സിറ്റി/റൂറൽ) തൃശ്ശൂർ വയർലെസ്സ് സെറ്റ് സഹിതം **ഒരു പോലീസ് ഓഫീസറെ വീതവും, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) തൃശ്ശൂർ ഉദ്യോഗസ്ഥനെയും, അസിസ്റ്റന്റ് ഡിവിഷണൽ ആഫിസർ, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്സ്, തൃശ്ശൂർ ഒരു ഫയർ ആഫീസറെയും, റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ, തൃശ്ശൂർ ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ തസ്തികയിൽ കുറയാത്ത ഓഫീസറെയും** ജോലിക്രമീകരണ വ്യവസ്ഥയിൽ കൺട്രോൾ റൂമിലേക്ക് നിയോഗി് വിവരം ജില്ലാ തിരഞ്ഞെടുപ്പുവിഭാഗത്തിലേയ്ക്കു അറിയിക്കേണ്ടതാണ്.
- കൺട്രോൾ റൂമിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പോളിംഗുമായി ബന്ധപ്പെട്ട് ജില്ലയിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ പുരോഗതി ബന്ധപ്പെട്ട അസിസ്റ്റന്റ് റിട്ടേണിംഗ് ആഫീസർമാർ / ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർ / സെക്ടറൽ മജിസ്ട്രേറ്റുമാർ എന്നീ ഓഫീസർമാരുമായി വിലയിരുത്തേണ്ടതും അവർക്ക് ആവശ്യമായ സഹായസൗകര്യങ്ങൾ ചെയ്തുനൽകേണ്ടതുമാണ്.
- പോളിംഗ് ദിനത്തിൽ പ്രിസൈഡിംഗ് ആഫീസർ അടക്കം ബന്ധപ്പെട്ട ഓഫീസർമാർക്കുണ്ടാകാവുന്ന സംശയങ്ങളും പരാതികളും ജില്ലാതലത്തിൽ ക്രോഡീകരിച്ച് അടിയന്തിരമായി സംശയദുരീകരണത്തിനും പരാതിപരിഹാരത്തിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പോൾദിന പുരോഗതി സംബന്ധിച്ച് അസിസ്റ്റന്റ് റിട്ടേണിംഗ് ആഫീസർ / സെക്ടറൽ മജിസ്ട്രേറ്റ് ഓഫീസർമാരുമായി കൺട്രോൾ റൂം നേരിട്ടുബന്ധപ്പെടേണ്ടതും പോളിംഗ് സ്റ്റേഷനുകളിൽ ഉണ്ടാകാവുന്ന മെഷീൻ തകരാറുകൾ/ പരാതികൾ എന്നിവ പരിഹരിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതുമാണ്.
- പോളിംഗ് അവസാനിച്ച് മെഷീനുകളും മറ്റു സാമഗ്രികളും പോളിംഗ് സ്റ്റേഷനുകളിൽ നിന്നും സ്വീകരണ കേന്ദ്രങ്ങളിലേക്കും സ്ട്രോംഗ് റൂമുകളിലേക്കും തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിച്ച് എത്തിച്ചേരുന്നുണ്ടെന്നുള്ളത് ജില്ലാ കൺട്രോൾ റൂം ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കൺട്രോൾ റൂമിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകേണ്ടതാണ്.

- പോളിംഗുമായി ബന്ധപ്പെട്ട് മെഡിക്കൽ സഹായങ്ങൾ ഏതെങ്കിലും കേന്ദ്രങ്ങളിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് ആവശ്യമായി വന്ന സാഹചര്യങ്ങൾ ഉണ്ടാകുകയാണെങ്കിൽ ആയത് മുൻകൂർ നിയോഗിച്ചിട്ടുള്ള മെഡിക്കൽ ടീം കൃത്യമായി പരിഹരിച്ചു എന്നത് ജില്ലാ കൺട്രോൾ റൂം ഉറപ്പാക്കേണ്ടതാണ്.
- കൺട്രോൾ റൂം പ്രവർത്തിക്കുന്ന ദിനങ്ങളിൽ (22.04.2019, 23.04.2019-പോളിംഗ് നടപടികൾ കഴിയുന്നതുവരെ) ജില്ലയിൽ തീപിടുത്തമോ, അസ്വഭാവിക സംഭവങ്ങളോ ഉണ്ടായതായി ജില്ലാ കൺട്രോൾ റൂമിലേയ്ക്കു റിപ്പോർട്ട് ചെയ്യപ്പെടുന്ന അവസരങ്ങളിൽ പോലീസ് / ഫയർ & റസ്ക്യൂ വകുപ്പുകളിൽ നിന്നും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ അടിയന്തിരമായി ബന്ധപ്പെട്ട ജില്ലാ അധികാരികളേയും അപകടം സംഭവിച്ച സ്ഥലത്തെ ബന്ധപ്പെട്ട അധികാരികളെയും വിവരം അറിയിച്ച് നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- വാഹന ലഭ്യത സംബന്ധിച്ച് മേൽ പ്രസ്താവിച്ച ദിനങ്ങളിൽ പരാതിവരുന്ന പക്ഷം റീജിയണൽ ട്രാൻസ്ഫോർട്ട് ആഫീസിൽ നിന്നും നിയോഗിച്ച ഉദ്യോഗസ്ഥൻ പരാതി പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.
- **ജില്ലാ ഇൻഫർമേഷൻ ആഫീസർ കൺട്രോൾ റൂം പ്രവർത്തിക്കുന്ന വിവരം (ഫോൺ നമ്പർ ഉൾപ്പെടെ) വിവിധ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

ഒപ്പ്
ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ &
ജില്ലാ കളക്ടർ, തൃശൂർ.

സ്വീകർത്താവ്

- ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
- ഒബ്സർവർമാർക്ക് (ലെയ്സൺ ആഫീസർ മുഖാന്തിരം)
- എല്ലാ നോഡൽ ആഫീസർമാർക്കും
- എല്ലാ അസിസ്റ്റന്റ് റിട്ടേണിംഗ് ആഫീസർമാർക്കും / ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്കും
- അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, തൃശ്ശൂർ
- ജില്ലാ ഇൻഫർമേഷൻ ആഫീസർ, തൃശ്ശൂർ

*: ഉത്തരവിൻപ്രകാരം :*

ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ)